⇨ *മതസൗഹാർദ്ദ റാലികളും സാംസ്കാരിക സംവാദങ്ങളും സംഘടിപ്പിക്കപ്പെടുകയുണ്ടായി* ⇨

**കേരളത്തിന്റെ** രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിൽ നിർണ്ണായക സ്വാധീനമായി വളർന്നുവരുന്ന നവസാമൂഹ്യ പ്രസ്ഥാനങ്ങൾ - പ്രധാനമായും പരിസ്ഥിതി-പ്രതിരോധ സംഘടനകൾ - ക്ക് കേരളത്തിന്റെ മതേതരസ്വഭാവം നിലനിർത്തുന്നതിൽ പ്രത്യേക ഉത്കണ്ഠകളോ ആലോചനകളോ ഇല്ലെന്ന് തോന്നുന്നവിധമാണ് കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷം ഇന്ന് എത്തിനിൽക്കുന്നത്. ജാതി-മത സംഘടനകൾ കേരള രാഷ്ട്രീയത്തിലും പൊതുമണ്ഡലങ്ങളിലും ശക്തമായി ഇടപെടൽ നടത്തുന്നതും വിശാല ഹിന്ദു ഐക്യത്തിനായി നായരീഴവ സഖ്യത്തിന്റെ സാധ്യതകളെക്കുറിച്ച് പരസ്യ ചർച്ചകൾ നടത്തുന്നതും മതപരമായ ചടങ്ങുകൾക്കും മറ്റും സാമൂഹ്യജീവിതത്തിൽ വർദ്ധിച്ച പ്രാധാന്യം ലഭിക്കുന്നതുമെല്ലാം അതിശക്തമായ മതേതര പ്രസ്ഥാനങ്ങളുടെ അഭാവം തന്നെയാണ് സൂചിപ്പിക്കുന്നത്. രാജ്യത്തിന് അപമാനകരമായ

# മതേതരത്വം മറക്കുന്ന നവസാമൂഹിക പ്രസ്ഥാനങ്ങൾ

സാമൂഹിക പരിസരത്തിൽ നിന്നും നഷ്ടമായിക്കൊണ്ടിരിക്കുന്ന മതേതരമൂല്യങ്ങളെ തിരികെപ്പിടിക്കാൻ കേരളത്തിലെ പരിസ്ഥിതി-പ്രതിരോധ സംഘങ്ങൾ എത്രത്തോളം സന്നദ്ധമാകുന്നുണ്ട്? മതേതരത്വത്തെ ഹനിക്കുന്നതിനായി നടക്കുന്ന ബോധപൂർവ്വമായ പരിപാടികളിൽ അവർ അബോധപൂർവ്വം പങ്കുചേരുന്നില്ലേ? സമകാലിക അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ചരിത്ര വിശകലനം

**കെ. സഹദേവൻ**

ഗുജറാത്ത് വംശഹത്യയുടെ മുഖ്യസംഘാടകൻ നരേന്ദ്ര മോദിയെ ശിവഗിരിയിലേക്ക് ക്ഷണിച്ചതും കായൽ സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷം മോദി ഉദ്ഘാടനം ചെയ്തതും സാധാരണ ജനമനസ്സുകളെ മുറിപ്പെടുത്തിയെങ്കിലും കേരളത്തിലെ പല സാമൂഹ്യ പ്രസ്ഥാനങ്ങളെയും ഇത് ഒട്ടും അലോസരപ്പെടുത്തുകയുണ്ടായില്ല എന്നത് ഞെട്ടിപ്പിക്കുന്ന സംഗതിയാണ്. എന്തുകൊണ്ടാണിങ്ങനെ സംഭവിച്ചത് എന്ന കാര്യത്തിൽ കാര്യമായ വിശകലനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും ഒക്കെത്തന്നെ തങ്ങളുടെ രാജ്യത്തേക്കുള്ള മോദിയുടെ വരവിനെ നാണക്കേടായി ഇപ്പോഴും പരിഗണിക്കുമ്പോഴും രാഷ്ട്രീയബോധ്യം കൂടുതലുണ്ടെന്ന് പറയുന്ന, ഇടതുപക്ഷബോധം അവകാശപ്പെടുന്ന, കേരള ജനത വളരെ നിസ്സംഗതയോടെയാണ് മോദി സന്ദർശനത്തെ നോക്കിക്കണ്ടത് എന്നത് ലജ്ജിപ്പിക്കേണ്ട വസ്തുതയാണ്.

ബാബറി മസ്ജിദ് വിവാദം കത്തിനിൽക്കുകയും മസ്ജിദ് തകർക്കപ്പെടുകയും ചെയ്ത 90കളിൽ കേരളത്തിൽ നവോത്ഥാന പ്രസ്ഥാനങ്ങൾ അതിശക്തമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഗ്രാമീണ വായനശാലകളും കൊച്ചുകൊച്ചു ക്ലബ്ബുകളും തുടങ്ങി നഗരങ്ങളിലടക്കം നവോത്ഥാന സദസ്സുകളും മതസൗഹാർദ്ദ റാലികളും സാംസ്കാരിക സംവാദങ്ങളും സംഘടിപ്പിക്കപ്പെടുകയുണ്ടായി. സോഷ്യലിസ്റ്റുകളും, ഗാന്ധിയന്മാരും, തീവ്ര ഇടതുപക്ഷ സംഘടനകളും മുഖ്യധാരാ ഇടതു സംഘടനകളും ബുദ്ധിജീവികളും

സാഹിത്യ-സാംസ്കാരിക പ്രവർത്തകരും ഒക്കെത്തന്നെ ഈ മതേതര-നവോത്ഥാന മുന്നേറ്റത്തിന്റെ ഭാഗമായി മാറി. ബാബറി മസ്ജിദ് നിലനിൽക്കുന്ന സ്ഥലത്ത് രാമക്ഷേത്രം പണിയാൻ വേണ്ട ഇഷ്ടികകൾ പൂജിച്ച് കൊണ്ടുപോകാനുള്ള 'ശിലാപൂജകൾ' പോലുള്ള പരിപാടികൾ കേരളത്തിലെ സംഘപരിവാർ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും അവയ്ക്ക് ജനങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിയാതിരുന്നത് കേരളത്തിലെ സാമൂഹ്യ-രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കൂട്ടായ ഇടപെടലുകൾ കൊണ്ടുതന്നെയായിരുന്നു. എന്നാൽ രണ്ട് പതിറ്റാണ്ടുകൾക്കിപ്പുറത്ത് കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലങ്ങളിൽ സംഭവിക്കുന്നതെന്താണ്? ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ മതതീവ്ര സംഘടനകൾ സംസ്ഥാനത്തിന്റെ സാമൂഹിക ജീവിതത്തിന്റെ ഓരോ തുറകളിലും ശക്തമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിനെതിരെ അതിശക്തമായൊരു നവോത്ഥാന കൂട്ടായ്മ കേരളത്തിൽ വളർന്നുവരാത്തതെന്തുകൊണ്ടാണ്? കേരളത്തിലെ നവസാമൂഹിക പ്രസ്ഥാനങ്ങളാണ് ആ അന്വേഷണത്തിന് ചുക്കാൻ പിടിക്കേണ്ടിയിരുന്നത്. എന്നാൽ എന്താണ് അവരുടെ സ്ഥിതി? അത്തരം അന്വേഷണങ്ങൾക്ക് നവസാമൂഹിക പ്രസ്ഥാനങ്ങൾ എത്രത്തോളം സന്നദ്ധമാകുന്നുണ്ട്?

**പരിസ്ഥിതി-പ്രതിരോധ സംഘങ്ങൾ: വളർച്ചയും ഇടപെടലുകളും**

സൈലന്റ്‌വാലി പ്രക്ഷോഭത്തിലൂടെ ആരംഭിച്ച കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾ 90കളുടെ ആദ്യകാലത്തെത്തുമ്പോഴേക്കും കേരളത്തിലെ പൊതുമണ്ഡലങ്ങളിൽ കാര്യമായ സ്വാധീനം സൃഷ്ടിക്കാൻ തുടങ്ങിയിരുന്നു. തുടർന്നിങ്ങോട്ടുള്ള കാലങ്ങളിൽ വിവിധ പാരിസ്ഥിതിക വിഷയങ്ങൾ ഏറ്റെടുത്തുകൊണ്ട് പ്രക്ഷോഭങ്ങൾ നടത്തുന്നതിനും ഒരളവുവരെ കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ സംഘടനകളെക്കൂടി പ്രക്ഷോഭരംഗങ്ങളിലേക്ക് എത്തിക്കുന്നതിനും നിലപാടുകൾ എടുപ്പിക്കുന്നതിനും അവർക്കു സാധിച്ചു. ആധുനിക വികസന പരിപ്രേക്ഷ്യങ്ങളുടെ ഇരകളാക്കപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യരുടെയും ഭൂമിയിലെ മറ്റ് ജീവജാലങ്ങളുടെയും വക്താക്കളായിക്കൊണ്ട് ഇരകളുടെ കൂടെ നിന്ന് സംസാരിക്കാൻ ഇത്തരം പ്രസ്ഥാനങ്ങൾക്ക് സാധിച്ചു എന്നത് വലിയൊരു നേട്ടമായിത്തന്നെ കണക്കാക്കാവുന്നതാണ്. കേവല വൈകാരിക പ്രതികരണങ്ങൾക്കപ്പുറത്ത് ശാസ്ത്രയുക്തികളുടെയും ജനാധിപത്യമൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ നോക്കിക്കാണാനും അവതരിപ്പിക്കാനും ഈ കൂട്ടായ്മകൾക്ക് സാധിച്ചു. വികസന പദ്ധതികളുമായി ബന്ധപ്പെട്ട് പുതുതായി ഉയർന്നുവന്ന വിഭവശോഷണത്തിന്റെയും പാരിസ്ഥിതിക തകർച്ചകളുടെയും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിൽ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പരാജയപ്പെടുന്നത് ഇത്തരം കൂട്ടായ്മകളുടെ വളർച്ചയ്ക്ക് സ്വാഭാവികമായ ഇടം നൽകി. വികസന പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെടുകയോ അല്ലെങ്കിൽ അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുകയോ ചെയ്യുന്ന ജനവിഭാഗങ്ങളുമായി എളുപ്പത്തിൽ കണ്ണിചേരാൻ നവ സാമൂഹ്യപ്രസ്ഥാനങ്ങൾക്ക് സാധിച്ചു. ആദിവാസി-ദളിത് വിഭാഗങ്ങളുടെ ഭൂമിയുടെ മേലുള്ള അവകാശം, ലിംഗസമത്വം, ലൈംഗിക ന്യൂനപക്ഷങ്ങളുടെ അവകാശം, പരിസ്ഥിതി സംരക്ഷണം എന്നിവയെല്ലാം രാഷ്ട്രീയ പ്രശ്നമാക്കി ഉയർത്താനും ഇത്തരം സംഘടനകൾ ശ്രമിച്ചു.

ആധുനിക വികസന പരിപ്രേക്ഷ്യങ്ങളെ പ്രശ്നവൽക്കരിക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നെങ്കിലും ആധുനികത മുന്നോട്ടുവച്ച മതേതര-നവോത്ഥാന മൂല്യങ്ങളെ മുന്നോട്ടു നയിക്കുന്നതിൽ പൊതുവെ ഇത്തരം സംഘടനകൾ വിമുഖത കാണിച്ചു. ഇത്തരം പ്രസ്ഥാനങ്ങളുടെ കൂടിച്ചേരലുകളിൽ എവിടെയും മത-ജാതി സംഘടനകൾ ഉയർത്തുന്ന വെല്ലുവിളികളെ സംബന്ധിച്ച ചർച്ചകളോ സംവാദങ്ങളോ ഉണ്ടാകാറില്ല എന്നത് യാഥാർത്ഥ്യമാണ്. പൊതുവിൽ മുഖ്യധാരാ ഇടതുപക്ഷം കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ തങ്ങളുടേതല്ലെന്ന പൊതുബോധത്തിലേക്ക് അറിഞ്ഞോ അറിയാതെയോ ഇത്തരം സംഘടനകൾ എത്തിച്ചേരുകയായിരുന്നു. 90കൾ വരെ പ്രകടമായി നിന്നിരുന്ന മതേതര സ്വഭാവത്തിൽ നിന്ന് മുഖ്യധാരാ ഇടതുപ

ഇത്തരം പ്രസ്ഥാനങ്ങളുടെ കൂടിച്ചേരലുകളിൽ എവിടെയും മത–ജാതി സംഘടനകൾ ഉയർത്തുന്ന വെല്ലുവിളികളെ സംബന്ധിച്ച ചർച്ചകളോ സംവാദങ്ങളോ ഉണ്ടാകാറില്ല എന്നത് യാഥാർത്ഥ്യമാണ്. പൊതുവിൽ മുഖ്യധാരാ ഇടതുപക്ഷം കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ തങ്ങളുടേതല്ലെന്ന പൊതുബോധത്തിലേക്ക് അറിഞ്ഞോ അറിയാതെയോ ഇത്തരം സംഘടനകൾ എത്തിച്ചേരുകയായിരുന്നു

⇨ തെഹ്‌രി അണക്കെട്ടിനെതിരായി നടക്കുന്ന പ്രക്ഷോഭവും ചിപ്കോ ആന്ദോളനും ഇതിന് വ്യക്തമായ ഉദാഹരണങ്ങളാണ് ⇨



ക്ഷ പ്രസ്ഥാനങ്ങൾ വ്യതിചലിക്കുകയും ജാതി-മത സംഘടനകളുമായും ആൾദൈവ പ്രസ്ഥാനങ്ങളുമായും കൂട്ടുചേർന്ന് വോട്ടുബാങ്ക് രാഷ്ട്രീയം കളിക്കുകയും ചെയ്തതോടെ കേരളത്തിന്റെ മതേതര ഇടം ഏതാണ്ട് പൂർണ്ണമായും നഷ്ടമായി. ഈയൊരു മതേതര ഇടം നിലനിർത്തുന്നതിലോ തിരിച്ചുപിടിക്കുന്നതിലോ നവസാമൂഹ്യ പ്രസ്ഥാനങ്ങൾ താത്പര്യമെടുത്തില്ല എന്നത് വിമർശനപരമായി തന്നെ ചൂണ്ടിക്കാട്ടട്ടെ.

**ദേശീയ സാഹചര്യം**

പരിസ്ഥിതി-പ്രതിരോധ സംഘടനകളുടെ വളർച്ചയുടെയും പ്രവർത്തനരീതികളുടെയും കാര്യത്തിൽ കേരളത്തിലേതിന് സമാനമായ അന്തരീക്ഷം തന്നെയാണ് ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലും നിലനിൽക്കുന്നത്. എന്നാൽ കേരളത്തിൽ നിന്നും വ്യത്യസ്തമായി മതേതരാന്തരീക്ഷം കൂടുതൽ കലുഷിതമായ സാഹചര്യത്തിലായിരുന്നു അവയ്ക്ക് പ്രവർത്തിക്കേണ്ടിയിരുന്നത്. മാത്രമല്ല, ആർ.എസ്.എസിന്റെ നേതൃത്വത്തിൽ സംഘപരിവാറിന്റെ ആസൂത്രിതമായ ഇടപെടലുകൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാപകമായിരുന്നു. ബി.ജെ.പിയുടെ നേതൃത്വത്തിൽ 90കളുടെ മധ്യത്തോടെ നിലവിൽ വന്ന സർക്കാരുകൾ വളരെ ബോധപൂർവ്വം തന്നെ നവസാമൂഹ്യ പ്രസ്ഥാനങ്ങളുടെ പ്രവർത്തന പദ്ധതികളിൽ ഇടപെടാൻ തുടങ്ങിയിരുന്നു.

പരിസ്ഥിതി നശീകരണത്തിന്റെ മുഖ്യ ഇരകൾ സാധാരണക്കാരാണ് എന്ന ബോധ്യം പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ മുൻകൈയ്യിൽ നടക്കുന്ന പ്രക്ഷോഭങ്ങളിൽ സാധാരണക്കാരുടെ സാന്നിദ്ധ്യം വ്യാപകമാകുന്നതിന് കാരണമായി. നഗരകേന്ദ്രീകൃത മധ്യവർഗ്ഗങ്ങളുടെയും ബുദ്ധിജീവി വിഭാഗങ്ങളുടെയും മുൻകൈയ്യിൽ രൂപപ്പെട്ട പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളിൽ വികസന പദ്ധതികളുടെ ഇരകൾ നേരിട്ട് പങ്കാളികളാകാൻ തുടങ്ങിയെന്നതും പ്രത്യേകം വിലയിരുത്തപ്പെടേണ്ടതാണ്. 90കൾ മുതൽ ഇങ്ങോട്ട് വളരെ ശക്തമായ രീതിയിൽ സംഘടിപ്പിക്കപ്പെട്ട പരിസ്ഥിതി ബോധവൽക്കരണ പരിപാടികളിൽ മതചിഹ്നങ്ങൾ ഉപയോഗിക്കപ്പെടാൻ തുടങ്ങിയതിൽ ഈ നഗര മധ്യവർഗ്ഗ വിഭാഗത്തിന്റെ സ്വാധീനം ശക്തമായി പ്രകടമായിരുന്നു.

ഗോക്കളെയും മേച്ചിൽപ്പുറങ്ങളെയും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ജലം-പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങൾ, വനവൽക്കരണത്തിനായുള്ള മുന്നേറ്റങ്ങൾ എന്നിവയിലൊക്കെ വളരെ വ്യാപകമായി തന്നെ മതചിഹ്നങ്ങൾ - പ്രത്യേകിച്ചും ഹൈന്ദവ ബിംബങ്ങൾ - ഉപയോഗപ്പെടുത്താൻ തുടങ്ങിയത് ഇക്കാലയളവിലായിരുന്നു. വനവൽക്കരണ സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് ക്ഷേത്രങ്ങളിൽ നിന്നും പൂജിച്ച മരത്തൈകൾ നൽകുന്നത് പലപ്പോഴും സാധാരണ സംഭവങ്ങളായി മാറി. ഗോസംരക്ഷണത്തിനായി കൃഷ്ണപൂജ നടത്തുന്നതും ജല സംരക്ഷണത്തിനായി വരുണ പൂജ നടത്തുന്നതും പരിസ്ഥിതി പ്രവർത്തനങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഈവക അനുഷ്ഠാനങ്ങൾക്കൊക്കെയും 'ശാസ്ത്രീയ യുക്തികൾ' നിരത്താനും അതിന്റെ വക്താക്കൾക്ക് മടിയുണ്ടായിരുന്നില്ല. ഈ രീതിയിൽ സംഘടിപ്പിക്കപ്പെടുന്ന ജല-

വന സംരക്ഷണ പരിപാടികൾക്ക് സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താനും ഫണ്ടുകൾ നൽകാനും അന്നത്തെ സംഘപരിവാർ സർക്കാർ തയ്യാറായതും ചേർത്തുവായിക്കേണ്ടതാണ്.

പരിസ്ഥിതി സംരക്ഷണത്തിൽ – പ്രതിരോധ സമരങ്ങളിൽ മതചിഹ്നങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്റെ 'ശാസ്ത്രീയ യുക്തികൾ' അതിന്റെ വക്താക്കൾ മുന്നോട്ടുവെക്കുന്നതിങ്ങനെയാണ്. സൃഷ്ടി–സ്ഥിതി–സംഹാരം എന്നിവയുടെ സാക്ഷാത്കാരം എന്ന നിലയ്ക്കാണ് മനുഷ്യൻ പ്രകൃതിയെ കാണുന്നത്, അതുകൊണ്ടുതന്നെ പ്രകൃതി ആരാധന മേൽപ്പറഞ്ഞവയോടുള്ള ആരാധനയുടെ ഭാഗമാണ്. പ്രകൃതിയോടുള്ള ഭയഭക്തി ബഹുമാനത്തിൽ നിന്നും മാത്രമേ പ്രകൃതിസംരക്ഷണം സാധ്യമാവുകയുള്ളൂ. ഇതാണ് അവർ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന സിദ്ധാന്തം. ഇവിടെ മറന്നുപോകുന്ന ഒരു വസ്തുത, മനുഷ്യമനസ്സുകൾക്ക് അജ്ഞേയമോ ദുർഗ്രാഹ്യമോ ആയ സംഗതികളോട് കാണിക്കുന്ന ഭയഭക്തി ബഹുമാനങ്ങൾ തന്നെയാണ് ഏതു പ്രകാരത്തിലുമുള്ള അധികാരത്തോടും ഭയഭക്തി ബഹുമാനത്തോടെ കീഴടങ്ങി നിൽക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് എന്നതാണ്. അതുകൊണ്ടുതന്നെ യുക്തിരഹിതമായ ആരാധനകൊണ്ട് പ്രകൃതി സംരക്ഷണം സാധ്യമാക്കാമെന്ന് കരുതുന്നത് ശുദ്ധ അസംബന്ധമാണ്.

ഹൈന്ദവ മതബിംബങ്ങളെ പരിസ്ഥിതി സംരക്ഷണ സമരങ്ങളിൽ ഉപയോഗപ്പെടുത്തുന്നത് വർത്തമാനകാലത്ത് വ്യാപകമായിരിക്കുന്നു. തെഹ്‌രി അണക്കെട്ടിനെതിരായി നടക്കുന്ന പ്രക്ഷോഭവും ചിപ്കോ ആന്ദോളനും ഇതിന് വ്യക്തമായ ഉദാഹരണങ്ങളാണ്. ഈ രണ്ട് പ്രസ്ഥാനങ്ങളിലും പ്രക്ഷോഭപ്രവർത്തനങ്ങളുടെ പല ഘട്ടങ്ങളിലും ഭാഗവത വായനകളും രാഖി കെട്ടുന്നതുപോലുള്ള ചടങ്ങുകളും സാധാരണമായി നടക്കാറുണ്ട്. തീവ്ര ഹൈന്ദവതയുടെ വക്താക്കൾക്ക് ഇത്തരം പ്രക്ഷോഭങ്ങളുടെ തലപ്പത്തേക്ക് കടന്നുവരുന്നതിന് ഇത് സഹായകമായി മാറി എതാണ് വാസ്തവം. 'പാരിസ്ഥിതിക പ്രവർത്തനങ്ങളിൽ ഹൈന്ദവ ദർശനങ്ങളുടെ അടിസ്ഥാനാശയങ്ങളുടെ പ്രയോഗവൽക്കരണം' എന്ന നിലയ്ക്കാണ് ചിപ്കോ പ്രസ്ഥാനത്തെ തീവ്ര ഹിന്ദുത്വത്തിന്റെ വക്താക്കൾ പരിഗണിച്ചിരിക്കുന്നത്.

ചിപ്കോ പ്രസ്ഥാനത്തിന് ലഭിച്ച പ്രചരണപരമായ മുൻകൈ ആഗോളതലത്തിൽ ഉപയോഗപ്പെടുത്തപ്പെട്ടത് ശ്രദ്ധേയമാണ്. ഹിന്ദുമത ദർശനത്തിന്റെ അടിത്തറയിൽ തന്നെ പാരിസ്ഥിതികാവബോധം ഉൾച്ചേർന്നിട്ടുണ്ടെന്ന പ്രസ്താവനകളും പ്രചരണങ്ങളും ഇതോടെ വ്യാപകമാക്കപ്പെട്ടു. ഹൈന്ദവ പ്രപഞ്ചഘടനാ ശാസ്ത്രത്തിൽ (Hindu Cosmology) പ്രകൃതിയെ മഹത്വവൽക്കരിക്കുന്നത് സംബന്ധിച്ച സൈദ്ധാന്തിക വാചാടോപങ്ങളും പ്രബന്ധങ്ങളും നിത്യേനയെന്നോണം പെരുകാൻ തുടങ്ങി. ഈയൊരവസരത്തെ ഇന്ത്യയിലെ സംഘപരിവാർ ഉപയോഗപ്പെടുത്തിയത് വളരെ ആസൂത്രിതമായാണ്. ഇന്ത്യയിലെ നവസാമൂഹ്യ പ്രസ്ഥാനങ്ങളിലെ മുൻനിര വക്താക്കൾ ഒന്നുകിൽ ഈ ആസൂത്രിത നീക്കം അറിയാതെ പോയി, അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് മൗനംദീക്ഷിച്ചു.

ഹൈന്ദവ ബോധ്യങ്ങളിലൂന്നിയ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ആദ്യകാല ബി.ജെ.പി ഗവൺമെന്റ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു. ബദരീനാഥ് ക്ഷേത്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജി.ബി. പന്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിമാലയൻ ഇക്കോളജിയിലെ ശാസ്ത്രജ്ഞർ തയ്യാറാക്കിയ മരത്തൈകൾ ക്ഷേത്ര പൂജാരി പൂജിച്ച് പ്രസാദമായി വിതരണം ചെയ്യുന്ന പരിപാടികൾ ആരംഭിച്ചു. വൃന്ദാവനത്തിന്റെ പുനഃസ്ഥാപനത്തിനായി മരങ്ങൾ വെച്ചുപിടിപ്പിക്കാൻ ഖജനാവിൽ നിന്ന് പണം അനുവദിച്ചു. കാവുകളുടെ സംരക്ഷണത്തിനായി ക്ഷേത്രങ്ങൾക്ക് ഫണ്ട് അനുവദിച്ചു. സനാതന ധർമ്മത്തിലെ പാരിസ്ഥിതിക ബോധ്യങ്ങളെക്കുറിച്ച് പാഠപുസ്തകങ്ങളിലൂടെ കുട്ടികളെ പഠിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. സ്വദേശി ജാഗരൺ മഞ്ച് പോലുള്ള പ്രസ്ഥാനങ്ങൾ ഇതര പരിസ്ഥിതി സംഘടനകളുടെ പരിപാടികളിലും മറ്റും ഒളിഞ്ഞും തെളിഞ്ഞും ഇടപെടാൻ തുടങ്ങി. ഇന്ത്യയിലെ ഐ.ഐ.ടികളിൽ വേദഗണിതങ്ങൾ പഠിപ്പിക്കണമെന്ന നിർദ്ദേശങ്ങൾ പോലും ഉയന്നു വന്നത് ഈ കാലത്തായിരുന്നു.

ഇന്ത്യയിലെ രാഷ്ട്രീയ മണ്ഡലങ്ങളിൽ പാരിസ്ഥികാവബോധം പ്രബലമാകുന്നതും കൊച്ചുകൊച്ചു പ്രസ്ഥാനങ്ങൾ ശക്തമായ സ്വാധീനം ചെലുത്താൻ ആരംഭിക്കുന്നതും തിരിച്ചറിഞ്ഞ ഹൈന്ദവതയുടെ വക്താക്കൾ ഇത്തരം സംഘങ്ങൾക്കിടയിൽ പതുക്കെ പതുക്കെ പ്രവർത്തിക്കാൻ തുടങ്ങി. വളരെ നിരുപദ്രവമെന്ന് തോന്നാവുന്ന ഇടപെടലുകളിലൂടെയായിരുന്നു ഇവ. എന്നാൽ മണ്ണ്, വെള്ളം, വായു തുടങ്ങിയ തികച്ചും മതേതരമായ വിഭവങ്ങളുടെ സംരക്ഷണങ്ങൾക്കായി മതേതരമായി സംഘടിപ്പിക്കപ്പെടേണ്ട പ്രസ്ഥാനങ്ങൾ തീവ്ര ഹൈന്ദവതയുടെ വല

യിൽ ചെന്നുചാടുകയായിരുന്നു. ഇതിന് ആവശ്യമായ സൈദ്ധാന്തിക പശ്ചാത്തലം രൂപപ്പെടുത്തിയെടുക്കാൻ ഇന്ത്യയിലും വിദേശത്തുമുള്ള സനാതനികളുടെ ഏജന്റുമാർ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരുന്നു. നവസാമൂഹ്യ പ്രസ്ഥാനങ്ങൾ ശക്തിയാർജ്ജിച്ച 90 കളിൽ തന്നെയായിരുന്നു തീവ്ര ഹിന്ദുത്വ ശക്തികൾക്കും ഇന്ത്യൻ രാഷ്ട്രീയത്തിൽ കാര്യമായ സ്വാധീനം ചെലുത്താൻ സാധിച്ചത് എന്നതും നാം ഓർക്കണം.

ആധുനിക വികസനത്തിന്റെ പ്രതിലോമതയെ സംബന്ധിച്ച ബോധ്യങ്ങൾ പാരിസ്ഥിതിക പ്രവർത്തനങ്ങൾക്ക് ശക്തിപകരുമെന്ന തിരിച്ചറിവിനെ മുതലെടുക്കാൻ തീവ്ര ഹിന്ദുത്വം പരിശ്രമിക്കുന്നതാണ് പിന്നീട് നാം കാണുന്നത്. അത്തരമൊരു തിരിച്ചറിവിന് സൈദ്ധാന്തിക പശ്ചാത്തലമൊരുക്കുക എന്ന ജോലിയാണ് അവർക്ക് നിർവ്വഹിക്കുവാനുണ്ടായിരുന്നത്. ആധുനികത സൃഷ്ടിച്ച എല്ലാ പ്രശ്നങ്ങൾക്കുമുള്ള മറുപടികൾ വേദങ്ങളിലും പുരാണങ്ങളിലും ഉണ്ടെന്നും ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാന നിഗമനങ്ങൾ ഏറെക്കുറെയും ഹിന്ദു പ്രപഞ്ചഘടനാ ശാസ്ത്രത്തിൽ കണ്ടെത്താമെന്നുമുള്ള വാദങ്ങൾ ഉയർത്താൻ അവർക്ക് യാതൊരു മടിയുമുണ്ടായിരുന്നില്ല. ആധുനിക ശാസ്ത്രത്തെ തള്ളിക്കളഞ്ഞുകൊണ്ട് വേദിക് സയൻസിനെ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കാനുള്ള നീക്കവും ശക്തമായി. ഭൂമിയുടെ ഉത്പത്തി സംബന്ധിച്ച കാലഗണനകൾക്ക് വേദഗ്രന്ഥങ്ങളുമായുള്ള സാദൃശ്യങ്ങളെ ഉദ്ഘോഷിക്കുവാനും അവർ മറന്നില്ല. വേദോപനിഷത്തുകളും പുരാണങ്ങളും ഭഗവത് ഗീതയും പാരിസ്ഥിതിക ആത്മീയതയുടെ പ്രഘോഷണങ്ങളായി ചിത്രീകരിക്കപ്പെട്ടു..

## ശാസ്ത്രനിഷേധവും ശാസ്ത്ര വിധേയത്വവും

ആധുനിക ശാസ്ത്രം മനുഷ്യവിരുദ്ധമാണെന്ന ചിന്താഗതി പരത്തുന്നതിൽ അറിഞ്ഞോ അറിയാതെയോ നമ്മുടെ നവസാമൂഹ്യപ്രസ്ഥാനങ്ങൾ അണിചേരുന്നുണ്ട്. ആധുനിക വികസനത്തിന്റെ മനുഷ്യ-പ്രകൃതി വിരുദ്ധ സ്വഭാവത്തെ ചൂണ്ടിക്കാട്ടിക്കൊണ്ട് ആധുനിക ശാസ്ത്രം ഇതിന് വഴിയൊരുക്കുന്നുവെന്ന് വാദിക്കുന്നവരിൽ ഇന്ത്യയിലെ പ്രശസ്തരായ പരിസ്ഥിതി പ്രവർത്തകരുമുണ്ട്. വന്ദനാ ശിവ, ക്ലോഡ് അൽവാരസ്, ആഷിഷ് നന്ദി തുടങ്ങിയവർ ആധുനിക ശാസ്ത്രത്തിന്റെ പ്രകൃതി-മനുഷ്യവിരുദ്ധതയെ തുറുകാട്ടിക്കൊണ്ട് നിരവധി ഗ്രന്ഥങ്ങൾ എഴുതുകയും ചെയ്തു. ഹരിത വിപ്ലവം പോലുള്ള കാർഷിക മേഖലയിലെ പരീക്ഷണങ്ങളും വ്യവസായവൽക്കരണവും സൃഷ്ടിച്ച പാരിസ്ഥിതിക-സാമൂഹ്യ പ്രത്യാഘാതങ്ങൾ ഉയർത്തിക്കാട്ടി ആധുനിക ശാസ്ത്രത്തിന്റെ സാംഗത്യത്തെത്തന്നെ ചോദ്യം ചെയ്യാനാണ് ഇവർ ശ്രമിക്കുന്നത്. ആധുനിക ശാസ്ത്രം ഒരു ജ്ഞാന സിദ്ധാന്തം എന്ന നിലയിൽ ഹിംസ (Epistemological Violence) അടങ്ങിയ ഒന്നാണെന്നുവരെ ഇവർ സമർത്ഥിക്കുന്നുണ്ട്. വന്ദനാ ശിവ, ക്ലോഡ് അൽവാരിസ്, ആഷിഷ് നന്ദി എന്നിവർക്ക് ഇന്ത്യയിലെ നവസാമൂഹ്യ പ്രസ്ഥാനങ്ങളുടെ സൈദ്ധാന്തിക വക്താക്കൾ എന്ന നിലയിൽ ഒരു സ്വീകാര്യതയുണ്ട്. അതുകൊണ്ടു തന്നെ ഇത്തരം പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിലും ചിന്താപദ്ധതികളിലും അവരുടെ വീക്ഷണങ്ങൾക്ക് മേൽക്കൈ ലഭിക്കുന്നുമുണ്ട്. വന്ദനാ ശിവ അ



കോഴിക്കോട് നടന്ന സോമയാഗത്തിലെ പരിസ്ഥിതി സെമിനാറിൽ നിന്നും

ടക്കമുള്ള ആളുകൾ മുന്നോട്ടുവെക്കുന്ന ആധുനിക ശാസ്ത്ര നിരാസത്തിന്റെ വേരുകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടത് അക്കാരണം കൊണ്ടുതന്നെ പ്രധാനപ്പെട്ട ഒന്നാണ്.

ഡാർവിന്റെ പരിണാമ സിദ്ധാന്തം അടക്കം ആധുനിക ശാസ്ത്ര സിദ്ധാന്തങ്ങളെ ചോദ്യം ചെയ്യുന്നതിനും പരിണാമ സിദ്ധാന്തം വെറും കെട്ടുകഥയാണെന്ന് സമർത്ഥിക്കുന്നതിനുമുള്ള ശ്രമങ്ങൾ അമേരിക്കയിലും യൂറോപ്പിലും വളരെ വ്യാപകമായി നടക്കുന്നുണ്ട്. പരിണാമ സിദ്ധാന്തം പഠിപ്പിക്കുന്ന ജീവശാസ്ത്ര പുസ്തകങ്ങളിൽ മുന്നറിയിപ്പുകൾ ചേർക്കണമെന്നുവരെയുള്ള ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. 'പരിണാമ സിദ്ധാന്തം ഒരു സിദ്ധാന്തം മാത്രമാണെും അതിന് വസ്തുതകളുടെ പിൻബലമില്ലെന്നും പരിണാമ സിദ്ധാന്തം പഠിക്കുന്നത് നിങ്ങളുടെ കുട്ടികളുടെ മാനസിക വളർച്ചയെ പ്രതികൂലമായി ബാധിക്കാമെന്നും' ഒക്കെയുള്ള മുന്നറിയിപ്പുകൾ ജീവശാസ്ത്ര പുസ്തകങ്ങളിൽ അച്ചടിച്ചുചേർക്കാനാണ് ഇവർ ആവശ്യപ്പെടുന്നത്. ആരാണ് ഈ വിഭാഗം? തീർച്ചയായും ബൈബിൾ ഉത്പത്തി കഥകളുടെ വക്താക്കൾ ഇതിലുണ്ട്. നിയമ പോരാട്ടങ്ങളിൽ ഇവരെ സഹായിക്കുന്നതിന് ഇസ്കോ (ISKCON-International Society of Krishna Consciousness) പോലുള്ള വേദിക് ഉത്പത്തി'ശാസ്ത്ര'ത്തിന്റെ (Vedic Creationism) വക്താക്കളുമുണ്ട്. ഈ രണ്ടു കൂട്ടർക്കും പുറമെ ഇന്റലിജന്റ് ഡിസൈൻ സിദ്ധാന്തക്കാരും പരിണാമ സിദ്ധാന്തത്തിന്റെ സാധുതയെ വെല്ലുവിളിച്ചുകൊണ്ട് സൈദ്ധാന്തിക വാചകക്കസർത്തുകൾ നടത്തുന്നുണ്ട്. പ്രപഞ്ചോത്പത്തിയുടെ പിന്നിൽ ധിഷണാപരമായ ഒരു രൂപകൽപ്പന ഉണ്ടെന്നും ഡാർവിന്റെ പ്രകൃതി നിർദ്ധാരണ സിദ്ധാന്തം ശരിയല്ലെന്നുമാണ് ഇന്റലിജെന്റ് ഡിസൈൻ സിദ്ധാന്തക്കാരുടെ വാദം. പരിണാമ സിദ്ധാന്തത്തെ കോടതികളിൽ പോലും ചോദ്യം ചെയ്യാൻ തയ്യാറായിരിക്കുന്ന ഈ മൂന്ന് വിഭാഗങ്ങൾ പ്രപഞ്ചോത്പത്തി സംബന്ധിച്ച് തികച്ചും വിഭിന്നങ്ങളായ മൂന്ന് സിദ്ധാന്തങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ബൈബിളിനെ ആധാരമാക്കിയുള്ള ഉത്പത്തി സിദ്ധാന്തക്കാർക്ക് ഭൗമോൽപ്പത്തി 6000 വർഷങ്ങൾക്ക് മുമ്പ് മാത്രം സംഭവിച്ച ഒന്നാകുമ്പോൾ വേദോൽപ്പത്തി സിദ്ധാന്തക്കാരായ ഹിന്ദു ക്രിയേഷനിസ്റ്റുകൾ ഇതിനെ പൂർണ്ണമായും തള്ളിക്കളയുന്നു. മാത്രമല്ല, ബൈബിളിനെ ആസ്പദമാക്കിയുള്ള ഉത്പത്തി സിദ്ധാന്തം സ്കൂളുകളിൽ പഠന വിഷയമാക്കുന്നത് ഒരു മതത്തിന്റെ മേൽക്കോയ്മ സ്ഥാപിച്ചെടുക്കുന്നതിനാണെന്ന ആരോപണവും അവർ ഉയർത്തുന്നുണ്ട്. കൂട്ടത്തിൽ താരതമ്യേന പുതിയ കൂട്ടരായ ഇന്റലിജെന്റ് ഡിസൈൻ സിദ്ധാന്തക്കാർ പക്ഷേ ശാസ്ത്രവക്താക്കളായിട്ടാണ് സ്വയം അവതരിപ്പിക്കുന്നത്. ഭൂമിയുടെ വയസ്സ് 4.32 ബില്യൺ വർഷങ്ങളാണെ അനുമാനത്തെ അംഗീകരിക്കാൻ അവർ തയ്യാറുമാണ്. എന്നാൽ പ്രകൃതി നിർദ്ധാരണത്തിലൂടെയുള്ള (Natural Selection) പരിണാമ സാധ്യതകൾ അംഗീകരിക്കാൻ അവർ തയ്യാറല്ല. വില്യം ഡെംബ്സ്കി, ജൊനാതൻ വെൽസ്, മൈക്ക്ൾ ബെഹെ, മൈക്ക്ൾ ക്രെമോ എന്നിവരാണ് ഇന്റലിജെന്റ് ഡിസൈൻ സിദ്ധാന്തത്തിന്റെ പ്രധാന സൈദ്ധാന്തികന്മാർ.

> ഹരിത വിപ്ലവം പോലുള്ള കാർഷിക മേഖലയിലെ പരീക്ഷണങ്ങളും വ്യവസായവൽക്കരണവും സൃഷ്ടിച്ച പാരിസ്ഥിതിക–സാമൂഹ്യ പ്രത്യാഘാതങ്ങൾ ഉയർത്തിക്കാട്ടി ആധുനിക ശാസ്ത്രത്തിന്റെ സാംഗത്യത്തെത്തന്നെ ചോദ്യം ചെയ്യാനാണ് ഇവർ ശ്രമിക്കുന്നത്. ആധുനിക ശാസ്ത്രം ഒരു ജ്ഞാന സിദ്ധാന്തം എന്ന നിലയിൽ ഹിംസ അടങ്ങിയ ഒന്നാണെന്നുവരെ ഇവർ സമർത്ഥിക്കുന്നു

ആധുനിക ശാസ്ത്ര സിദ്ധാന്തങ്ങളെയും ആധുനികതയുടെ മൂല്യങ്ങളെയും നിരാകരിച്ചുകൊണ്ടുള്ള സിദ്ധാന്തങ്ങൾ ഒക്കെയും രൂപപ്പെട്ടുവരുന്നത് പാശ്ചാത്യ യൂണിവേഴ്സിറ്റികളിൽ നിന്നാണ് എന്നത് നാം മനസിലാക്കേണ്ടതുണ്ട്. ഹൈന്ദവ മിത്തോളജിയെ അടിസ്ഥാനമാക്കിയുള്ള പ്രപഞ്ചോത്പത്തി വാദങ്ങളുമെല്ലാം പുതിയ രീതിയിൽ ശാസ്ത്ര സിദ്ധാന്തങ്ങളായി അവതരിപ്പിച്ചുകൊണ്ടുള്ള നൂറുകണക്കിന് പ്രബന്ധങ്ങളാണ് ദിനംപ്രതി പാശ്ചാത്യ സർവ്വകലാശാലകളിൽ നിന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അതേസമയം ആധുനിക ശാസ്ത്രത്തിന്റെ വിശകലന രീതിതന്നെയാണ് ഈ വിഭാഗം ഉപയോഗിക്കുന്നത് എന്നത് നാം ശ്രദ്ധിക്കേണ്ടതുണ്ട്.

**ആത്മീയ പരിസ്ഥിതി കേരളത്തിൽ**

'വിശ്വമംഗള ഗോ ഗ്രാമയാത്ര', 'നദീവന്ദനം' തുടങ്ങി ഉത്തരേന്ത്യയിൽ മാത്രം അരങ്ങേറിക്കൊണ്ടിരുന്ന പല പരിപാടികളും കേരളത്തിൽ അവതരിപ്പിക്കപ്പെടാൻ തുടങ്ങിയത് അടുത്ത കാലങ്ങളിലാണ്. കേരളത്തിലെ

സാമൂഹ്യ മണ്ഡലങ്ങളിൽ വലിയ ചലനങ്ങളൊന്നും സൃഷ്ടിക്കാൻ ഇത്തരം പരിപാടികൾക്ക് സാധിച്ചില്ലെങ്കിലും കേരളത്തിന്റെ സെക്യുലർ ബോധത്തിന്റെ ജാഗ്രതക്കുറവ് സമാനമായ പല പരിപാടികളും പതുക്കെയെങ്കിലും സംഘടിപ്പിക്കപ്പെടുന്നതിലേക്ക് നയിക്കുകയുണ്ടായി. പരിസ്ഥിതി സംരക്ഷണം, കാർഷിക സംസ്കൃതിയെ തിരിച്ചുപിടിക്കൽ, നാടൻ ജനുസ്സുകളെ സംരക്ഷിക്കൽ തുടങ്ങി പ്രത്യക്ഷത്തിൽ സ്വീകാര്യമായ പല ഉദ്ദേശലക്ഷ്യങ്ങളും മേൽപ്പറഞ്ഞ പരിപാടികളുടെ ഭാഗമാക്കി മാറ്റാൻ സംഘാടകർ ശ്രമിക്കാറുണ്ട്. പരിസ്ഥിതി സംരക്ഷണ മേഖലകളിൽ പ്രവർത്തിക്കുന്ന ശുദ്ധാത്മക്കളായ നിരവധി പേരുടെ പിന്തുണ ഇതുവഴി ഉറപ്പാക്കാൻ സംഘാടകർക്ക് സാധിക്കുകയും ചെയ്യുന്നു.

പരിസ്ഥിതിയുടെ ആത്മീയത, നക്ഷത്ര മരങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയ നിരവധി കാര്യങ്ങൾ കേരളത്തിലെ പുത്തൻ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ അജണ്ടകളിലേക്കും സ്ഥാനം പിടിക്കാൻ തുടങ്ങിയിരിക്കുന്നു. 'ബൈബിളിന്റെ ഹരിതവായന', 'കുറാന്റെ ഹരിതദർശനം', 'ഗീതയുടെ ഹരിതവ്യാഖ്യാനം' എന്നിവയെല്ലാം ഇന്ന് കേരളത്തിൽ സാമാന്യമായിക്കൊണ്ടിരിക്കുകയാണ്. നിരവധി പോരാട്ടങ്ങളിലൂടെ കേരളം നേടിയെടുത്ത യുക്തിബോധത്തെ തീർത്തും തള്ളിക്കളഞ്ഞുകൊണ്ടാണ് ഈ രീതിയിൽ പുത്തൻ സാമൂഹ്യ പ്രസ്ഥാനങ്ങൾ പലതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

മതേതര ഇടം ശക്തമായ ഇടപെടലുകളുടെ അഭാവത്താൽ ശൂന്യമായി കിടക്കുന്നു എന്നതുകൊണ്ടുതന്നെ ആ ശൂന്യതയിലേക്ക് കടന്നുവരാൻ തക്കംപാർത്തിരിക്കുന്നത് മതതീവ്രവാദങ്ങളുടെ വക്താക്കളായിരിക്കും എതിൽ സന്ദേഹമൊന്നുമില്ല. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് രാഷ്ട്രീയ സ്വയം സേവക് സംഘിന്റെ ഏറ്റവും പുതിയ പ്രസ്താവന. പരിസ്ഥിതി സംബന്ധിയായ വിഷയങ്ങളിൽ സജീവമായി ഇടപെടാൻ അവർ നിശ്ചയിച്ചതിനർത്ഥം കേരളത്തിൽ അവർക്ക് പ്രവർത്തിക്കാൻ ആവശ്യമായ വളക്കൂറുള്ള മണ്ണ് നാം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്നാണ്.

സംഘപരിവാരത്തിന്റെ കേരള അജണ്ടയുടെ ഭാഗമായി ഈ വർഷം കോഴിക്കോട് നടന്ന സോമയാഗം ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ്. ബാബാ രാംദേവ് തൊട്ട് അമൃതാനന്ദമയി മഠത്തിന്റെ അടക്കം പങ്കാളിത്തമുണ്ടായിരുന്ന സോമയാഗത്തിലെ അതിഥികളും സംഘാടകരും ഒക്കെയാകാൻ കേരളത്തിലെ പരിസ്ഥിതി പ്രവർത്തകർക്ക് യാതൊരു മടിയുമുണ്ടായിരുന്നില്ല എന്നത് അങ്ങേയറ്റം ദുഃഖകരമായ സംഗതിയാണ്. സംഘപരിവാർ അജണ്ടകൾ തങ്ങളുടെ ജീവിത വീക്ഷണത്തിൽ ഒരിക്കൽ പോലും കലർത്തിയിട്ടില്ലാത്ത വ്യക്തികളാണ് അവരിൽ പലരും. ജൈവകൃഷി, പരിസ്ഥിതി സംരക്ഷണം, നാടൻ പശു എന്നൊക്കെ കേൾക്കുമ്പോൾ മുൻപിൻ നോക്കാതെ ഇത്തരം പരിപാടികളിൽ പങ്കാളികളാകുന്നത് ആശയപരമായ പാപ്പരത്തമായി മാത്രമേ കണക്കാക്കാൻ കഴിയൂ.

പരിസ്ഥിതി സംരക്ഷണം-പ്രകൃതി ജീവനം-പ്രകൃതി കൃഷി തുടങ്ങിയ വിഷയങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടായിരുന്നു ഫെബ്രുവരി പകുതിയിൽ കോഴിക്കോട് നഗരത്തിൽ സോമയാഗം നടന്നത്. കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷനാണ് ഈ യാഗത്തിന്റെ സംഘാടകർ. ജാതിമേൽക്കോയ്മയേയും സമ്പത്തിനേയും അടിസ്ഥാനമാക്കി പ്രാചീന-മധ്യകാല കാലഘട്ടങ്ങളിൽ അരങ്ങേറിയിരുന്ന യാഗങ്ങളും യജ്ഞങ്ങളും ബലികളും ഒക്കെ പലരീതിയിൽ വ്യത്യസ്തകളോടെ പുനരവതരിപ്പിക്കപ്പെടുകയാണ്. ആധുനിക കാലത്തിനനുയോജ്യമായ ചേരുവകൾ അവയിൽ നിറക്കാൻ സംഘാടകർ ശ്രമിക്കുന്നുണ്ട്. എന്നാലും യാഗത്തിനുള്ള യജമാനന്മാരും ഋത്വിക്കുകകളുമൊക്കെ കലർപ്പില്ലാത്ത ബ്രാഹ്മണർ തന്നെയായിരിക്കും. ബ്രാഹ്മണ്യത്തിന്റെ ആധികാരികതയെ ആധുനിക കാലം നാൾക്കുനാൾ ചോദ്യം ചെയ്തുകൊണ്ടിരിക്കുമ്പോൾ പരിസ്ഥിതിയുടെയും പാരമ്പര്യത്തിന്റെയും സംരക്ഷണത്തിന്റെയും മറവിൽ അവയൊക്കെ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കോടിക്കണക്കിന് പണം ചെലവഴിച്ച് നടന്ന സോമയാഗ ധൂർത്തിനെതിരെ കാര്യമായ പ്രതികരണങ്ങൾ ഉണ്ടായില്ലെന്നതും ശ്രദ്ധേയമാണ്. തീർച്ചയായും കോഴിക്കോട് നഗരത്തിൽ ചില സംഘടനകളും വ്യക്തികളും നടത്തിയ പ്രതിഷേധങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നില്ല.

'ജനങ്ങളിൽ പാരിസ്ഥിതികാവബോധം വളർത്തുന്നതിനും മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനും' ഉദ്ദേശിച്ചുകൊണ്ട് നക്ഷത്രവനങ്ങൾ സൃഷ്ടിക്കാനുള്ള ഒരുക്കങ്ങൾ ഇന്ന് കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ശാസ്ത്രമേഖലകളിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ പിന്തുണകൂടി ഈ പരിപാടിക്ക് ലഭിക്കുന്നുണ്ട്. പഞ്ചാംഗങ്ങളിൽ വിവരിച്ചിരിക്കുന്ന 26 നക്ഷത്രങ്ങൾക്കും അനുരൂപമായ വിവിധ മരങ്ങൾ താന്താങ്ങളുടെ

നക്ഷത്രത്തിനനുസരിച്ച് വെച്ചുപിടിപ്പിക്കലാണ് പരിപാടിയുടെ മുഖ്യ ഇനം. 'ഒരാളുടെ നക്ഷത്രത്തിനനുസരിച്ചുള്ള മരത്തിനു കീഴിൽ ധ്യാനം നടത്തുകയാണെങ്കിൽ മാനസിക പിരിമുറുക്കവും മറ്റും കുറയ്ക്കാൻ സാധിക്കും' എന്നുള്ള 'ശാസ്ത്രീയ' നിഗമനങ്ങളും ഇതോടൊപ്പം അതിന്റെ വക്താക്കൾ വിളമ്പുന്നുണ്ട്. തിരുവനന്തപുരത്ത് പുത്തരിക്കണ്ടം മൈതാനത്ത് കോർപ്പറേഷന്റെ കാർമ്മികത്വത്തിലായിരുന്നു 2010ൽ നക്ഷത്രവനം പരിപാടിക്ക് തുടക്കമിട്ടത്. ടി.ബി.ജി.ആർ.ഐയിലെ ശാസ്ത്രജ്ഞന്മാരുടെ സഹായവും ഇതിന് ലഭിക്കുകയുണ്ടായി. ലോകത്ത് മനുഷ്യന് തിരിച്ചറിയാൻ കഴിഞ്ഞ ഏതാണ്ട് 3 ലക്ഷത്തിനും 4 ലക്ഷത്തിനും ഇടയിൽ സസ്യജാലങ്ങളുണ്ട്. ഇവയിൽ ഏതാനും മരങ്ങളെ നക്ഷത്രങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് സംരക്ഷിക്കാമെന്ന് ചിന്തിക്കുന്നതിലെ യുക്തിരാഹിത്യത്തെക്കുറിച്ച് ചോദ്യങ്ങൾ ഉന്നയിക്കരുത്. ഒരുവേള നിങ്ങൾ യൂറോപ്യൻ ശാസ്ത്രയുക്തിയുടെ അടിമയായി വ്യാഖ്യാനിക്കപ്പെട്ടേക്കാം.

പ്രകൃതി സംരക്ഷണത്തിന്റെ പേരിൽ, മനുഷ്യസമൂഹം വഴിയിലുപേക്ഷിച്ചുപോയ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും തിരികെ പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങളെ വ്യക്തമായ ബോധ്യങ്ങളോടെ ചെറുക്കേണ്ടതുണ്ട്. കേരളത്തിൽ വളർന്നുകൊണ്ടിരിക്കു ജാതി/മത/വർഗ്ഗീയ ചിന്തകൾ നമ്മുടെ സാമൂഹ്യശരീരത്തെ കാർന്നുതിന്നും മുമ്പ് അവയെ പ്രതിരോധിക്കാൻ നാം സന്നദ്ധരാകണം. വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ നിന്നല്ല, മറിച്ച് ജനാധിപത്യത്തിനും മതേതരത്വത്തിനും വേണ്ടി നിലകൊള്ളുന്ന കൊച്ചു കൊച്ചു പ്രസ്ഥാനങ്ങളിൽ നിന്നാണ് അതിനുള്ള കരുത്ത് പ്രതീക്ഷിക്കുന്നത്. ■